# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 115**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയുടെ വളർച്ചയും ആവശ്യവും മനസ്സിലാക്കി കാലാകാലങ്ങളിൽ സഭയിലെ ഭദ്രാസനങ്ങളെ പുന:സംഘടിപ്പിക്കുകയും പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുകയും ചെയ്യുന്ന പാരമ്പര്യം നമുക്ക് സഭയായി ഉണ്ടല്ലോ. സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടെ പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുന്നതിനും പുനർക്രമീകരണം ചെയ്യുന്നതിനും സഭാ ഭരണഘടന 57–ാം വകുപ്പ് മെത്രാപ്പോലീത്തായ്ക്ക് അധികാരം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടെ നോർത്ത് അമേരിക്ക – യൂറോപ്പ് ഭദ്രാസനം പുന:ക്രമീകരിച്ച് നോർത്ത് അമേരിക്ക ഭദ്രാസനവും യു. കെ. – യൂറോപ്പ് – ആഫ്രിക്ക ഭദ്രാസനം എന്ന പേരിൽ പുതിയ ഭദ്രാസനവും രൂപീകരിക്കുകയും ചെയ്തിരിക്കുന്നു എന്ന തീരുമാനം അറിയിക്കുന്നു. 2024 ജനുവരി 1 – ാം തീയതി മുതൽ ഈ ക്രമീകരണം പ്രാബല്യത്തിൽ വരുന്നതാണ്.

**(1) നോർത്ത് അമേരിക്ക ഭദ്രാസനം.**

നിലവിലുള്ള നോർത്ത് അമേരിക്ക–യൂറോപ്പ് ഭദ്രാസനത്തിലെ യൂറോപ്പിലെ ഇടവകകളെ ആ ഭദ്രാസനത്തിൽ നിന്നും മാറ്റിയിരിക്കുന്നു. യൂറോപ്പിലെ ഇടവകകൾ ഒഴികെയുള്ള ആ ഭദ്രാസനത്തിൽ ഇപ്പോൾ നിലവിലുള്ള ഇടവകകൾ എല്ലാം നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ തുടരുന്നതാണ്.

**(2) യു. കെ – യൂറോപ്പ് – ആഫ്രിക്ക ഭദ്രാസനം**

യൂറോപ്പിലെ ഇടവകകളെയും ആഫ്രിക്കയിലെ ഇടവകകളെയും ഉൾപ്പെടുത്തി **യു. കെ – യൂറോപ്പ് – ആഫ്രിക്ക എന്ന പുതിയ ഭദ്രാസനം** രൂപീകരിച്ചിരിക്കുന്നു.

ഈ പുതിയ ക്രമീകരണങ്ങൾ സഭയുടെയും ഇടവകകളുടെയും ഉണർവ്വിനും പുതുക്കത്തിനും സഭ ലോകത്തിൽ നിർവ്വഹിക്കേണ്ട ദൗത്യത്തിന്റെ പുരോഗമനത്തിനും മുഖാന്തിരമായിത്തീരുവാൻ എല്ലാവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കണം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ഡിസംബർ 9–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 115**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

We as a Church have a practice of reorganizing Dioceses and formulating new Dioceses from time to time, understanding the growth and needs of the Church. Section 57 of the Church Constitution gives power to the Metropolitan to formulate and reorganize new Dioceses in consultation with the Sabha Council and the Episcopal Synod. Accordingly, it is hereby informed that in consultation with the Sabha Council and the Episcopal Synod, the Diocese of North America-Europe has been reorganized into two new Dioceses, namely the Diocese of North America and the Diocese of UK-Europe-Africa. This arrangement will come into force from 1st January 2024.

1. **Diocese of North America**
   The parishes in Europe that belong to the Diocese of North America-Europe are hereby removed from that Diocese. All parishes that belong to the existing Diocese, except the parishes that are in Europe, will continue in the Diocese of North America.

2. **Diocese of UK-Europe-Africa**
   **The new Diocese of UK-Europe-Africa** is hereby formulated by including the parishes in Europe and Africa.

We exhort the prayerful participation of all so that these new arrangements may result in the awakening and renewal of the Church and the parishes and the advancement of the mission of the Church in this world.

Grace be with you all.

Dated 9th December 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**